

The two become
one flesh.
Genesis 2:24

## 3. വിവാഹത്തിലെ കൗദാശിക ഐക്യം
## Sacramental Unity

ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കണം. ഗ്രീക്കുഭാഷയിൽ സ്നേഹത്തെ സൂചിപ്പിക്കുന്നതിന് നാലു പദങ്ങളാണ് ഉപയോഗിക്കുന്നത്.

* **ഇറോസ് (Eros)** ലൈംഗിക സ്നേഹത്തെ സൂചിപ്പിക്കുന്നു.
* **ഫീലിയ (Philia)**ബുദ്ധിയുടെ തലത്തിലുള്ള സ്നേഹമാണ് (ഉദാ. ഗുരുശിഷ്യബന്ധം).
* **സ്തോർഗേ (Storge)** എന്ന പദം പിതൃ-പുത്ര സ്നേഹത്തെ സൂചിപ്പിക്കുന്നു.
* **അഗാപ്പെ (Agape)** എന്ന പദം ദൈവസ്ഹേത്തെ സൂചിപ്പിക്കുന്നു. മുറിക്കപ്പെടുകയും പങ്കുവയ്ക്കപ്പെടുകയും ചെയ്യുന്ന ദൈവസ്നേഹം അനാവരണം ചെയ്യപ്പെടുന്ന പരിശുദ്ധ കുർബ്ബാന അഗാപ്പെ എന്നറിയപ്പെടുന്നു. ഭാര്യാഭർത്തൃബന്ധത്തെ സൂചിപ്പിക്കുവാൻ ''അഗാപ്പെ'' എന്ന പദം തന്നെയാണ് വി.പൗലോസും ഉപയോഗിക്കുക (എഫേ 5:24-26, 32). ഇപ്രകാരം ലൗകിക സ്നേഹത്തിനും മാനുഷിക സ്നേഹത്തിനുമപ്പുറം ദൈവസ്നേഹത്തിന്റെ തലത്തിൽ നിൽക്കുന്ന ഒന്നാണ് വൈവാഹികസ്നേഹം. ഇതു വ്യവസ്ഥയില്ലാത്ത നിരുപാധിക സ്നേഹമാണ്. വിശുദ്ധ കുർബ്ബാന പോലെ സ്വയം ബലിയായിത്തീരുന്ന സ്നേഹം.

"Husbands love your wives, just as Christ loved the church and gave himself up for her, in order to make her holy by cleansing her with the washing of water by the word............. This is a great mystery and I am applying it to Christ and the church."

-Ephesians 5 : 24 - 26, 32

The sacrament of Matrimony signifies the union of Christ and the Church. It gives spouses the grace to love each other with the love with which Christ has loved his Church; the grace of the sacrament thus perfects the human love of the spouses, strengthens their indissoluble unity, and sanctifies them on the way to eternal life. (Catechism of the Catholic Church 1661).



➤ **എന്താണ് വിവാഹത്തിലെ കൗദാശിക ഐക്യം?**

**What is the sacramental unity in marriage ?**

തിരുവിവാഹത്തിൽ ക്രിസ്തുസാന്നിദ്ധ്യമാണ് ദമ്പതികൾ അനുഭവിക്കുന്നത്. ക്രിസ്തു സാന്നിദ്ധ്യമുള്ളതിനാൽ അവരുടെ ജീവിതം, പ്രവൃത്തികൾ, വാക്കുകൾ എന്നിവ ക്രിസ്തുവിന്റെ പ്രതിഫലനമായി തീരുന്നു. അവർ ക്രിസ്തുവിലും ക്രിസ്തു അവരിലും വസിക്കുന്നു. ഇതാണ് വിവാഹത്തിലെ കൗദാശിക ഐക്യം

Married couples enjoy sacramental existence, God is with them. Their life becomes sacramental to the extent that the couple cooperates with God's action in their lives and see themselves as living "in Christ" and Christ living and acting in their relationship, attitudes and actions.




**Sacremental Partnership = Couple + Christ**
**തിരുവിവാഹം**

**Three ways to foster Sacramental Unity**
**കൗദാശിക ഐക്യം വളർത്തുന്നതിനുള്ള മൂന്ന് വഴികൾ**




**Activity 5**

1. എന്താണ് കൂദാശ? കൂദാശകൾ ഏതെല്ലാം?

   What is sacrament ? Which are the sacraments?